ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ സംവിധാനമില്ല.

(സി) അശ്ലീല പ്രസിദ്ധീകരണങ്ങൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 292-ാം വകുപ്പ് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കണ്ണൂർ ജില്ലയിലെ നാറാത്ത് ബോംബ് ശേഖരം കണ്ടെത്തിയ കേസിന്റെ അന്വേഷണം

18(4623) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ ജില്ലയിലെ നാറാത്ത് എന്ന സ്ഥലത്ത് ബോംബ് ശേഖരം കണ്ടെത്തിയതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഭീകരവാദ ഭീഷണിയുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ പ്രസ്തുത കേസ്സിൽ അന്തർഭവിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത കേസിന്റെ അന്വേഷണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ നാറാത്ത് എന്ന സ്ഥലത്തുനിന്നും ബോംബുകൾ പിടിച്ചത് സംബന്ധിച്ച കേസിൽ ഇതുവരെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിൽ ആണ്.

(ബി) ഇതുവരെ വ്യക്തമായിട്ടില്ല.

(സി) കേസിൽ ഊർജ്ജിതമായ അന്വേഷണം തുടരുകയാണ്.

പോലീസ് സേനയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ നടപടി

19 (4624) ശ്രീ. കെ, സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിന്നും ജോലി ഉപേക്ഷിച്ചു പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly